>> എം. തസ്നീം മുഹമ്മദ് ബീനാച്ചി

# മരണ വിചാരം

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ أَنَّ رَسُولَ اللهِ ﷺ قَالَ: لاَ يَتَمَنَّى أَحَدُكُمُ المَوْتَ
إِمَّا مُحْسِنًا ، فَلَعَلَّهُ يَزْدَادُ ، وَإِمَّا مُسِيئًا فَلَعَلَّهُ يَسْتَعْتِبُ

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "നിങ്ങളിലാരും മരണം കൊതിക്കരുത്. നല്ലവന് ദീർഘായുസ്സിലൂടെ നന്മ വർധിപ്പിക്കാൻ കഴിഞ്ഞേക്കും. ദുഷ്ടനാണെങ്കിൽ സ്വയം ബോധവാനായി നേർവഴിയിലേക്ക് മടങ്ങാനിട വന്നേക്കും" (ബുഖാരി).**

**സത്യവിശ്വാസിയുടെ** മനസ്സിൽ പ്രധാനമായും ഉണ്ടായിരിക്കേണ്ട വിഷയമാണ് ഈ ഹദീസ് വിശദീകരിക്കുന്നത്. ജീവിതത്തിൽ പലപ്പോഴും വിസ്മരിച്ചു പോകുന്നതാണ് മരണം. നബി(സ) ഉപദേശിക്കുകയാണ്, ദുനിയാവിൽ ജീവിച്ചിരിക്കുന്ന എല്ലാവരും മരിക്കുമെന്നുറപ്പാണ്; ആർക്കും അല്ലാഹുവിന്റെ പിടുത്തത്തിൽനിന്ന് രക്ഷപ്പെടാനാവില്ല. മനുഷ്യന്റെ ആഹ്ലാദവും ജീവിതത്തിന്റെ ഹൃദയമിടിപ്പും അന്ന് നിലക്കും. ആയുസ്സ് കഴിഞ്ഞാൽ ഒരു നിമിഷം പോലും മുന്തിക്കാനോ പിന്തിക്കാനോ ലോകത്ത് ഒരു ശക്തിക്കും സാധ്യമല്ല. നിമിഷങ്ങൾക്കകം വറ്റിപ്പോകുന്ന അൽപായുസ്സേ നമുക്കിവിടെയുള്ളൂ. അത് കഴിയുംമുമ്പ് രക്ഷിതാവിന്റെ വിധിവിലക്കുകൾ പാലിച്ച് സന്മാർഗ ജീവിതം നയിക്കുകയും പാരത്രിക ജീവിതം സുഖസമ്പൂർണമാക്കാൻ ഒരുങ്ങുകയും വേണമെന്നാണ് ഇസ്‌ലാം ഉദ്ബോധിപ്പിക്കുന്നത്.

ഏതു സമയത്തും എവിടെ വെച്ചും അവസാനിക്കുന്നതാണ് നമ്മുടെ ജീവിതം. ബന്ധുക്കളെ കാണാനുള്ള ആഗ്രഹവുമായി മറ്റു നാടുകളിൽനിന്ന് യാത്ര തിരിച്ച ആളുകൾ വീട്ടിലെത്തും മുമ്പ് പെട്ടെന്ന് മരിക്കുന്നു. ഒരു നെഞ്ചുവേദനയോടെ എല്ലാ ആഗ്രഹങ്ങളും ആറടി മണ്ണിൽ അവസാനിക്കുന്നു. രാവിലെ വീട്ടിൽ നിന്നിറങ്ങിയ ഒരാൾ വൈകുന്നേരത്തോടെ ഖബ്ർസ്ഥാനിലേക്ക് എത്തിച്ചേരുന്നു. നാം സ്വയം ധരിച്ച വസ്ത്രം നമുക്കുതന്നെ ഊരിവെക്കാൻ പറ്റുമോ എന്നുറപ്പില്ലാത്ത ജീവിതം. പിന്നെ മനുഷ്യന്റെ ആഗ്രഹങ്ങൾക്ക് എന്ത് വിലയാണുള്ളത്?

അബ്ദുല്ലാഹിബ്നു ഉമർ(റ) പറയുകയാണ്: "സന്ധ്യയായാൽ പ്രഭാതത്തെ പ്രതീക്ഷിക്കരുത്, പ്രഭാതമായാൽ സന്ധ്യയെയും പ്രതീക്ഷിക്കരുത്. ആരോഗ്യമുള്ള ജീവിതത്തിൽനിന്ന് രോഗാവസ്ഥയിലേക്കാണ് ജീവിതം പോകുന്നതെന്ന് കരുതണം. ഇഹലോക ജീവിതത്തിൽനിന്ന് പിരിഞ്ഞശേഷമുള്ള ജീവിതത്തെ കുറിച്ച് കരുതണം." ഈ വിചാരം സജീവമാവുകയാണെങ്കിൽ ഭൂമിയിൽ ഒരുത്തനും ദൈവധിക്കാരിയും അഹങ്കാരിയുമായി ജീവിക്കുകയില്ലെന്ന് തീർച്ച.

ഖുർആൻ പറയുന്നു: "എല്ലാ ആത്മാവും മരണം രുചിക്കും" (*അൽഅൻകബൂത്ത്:* 57). രുചി പലവിധത്തിലുള്ള പോലെ, മരണത്തിന്റെ രുചിയും ഭിന്നമാണ്. സൽകർമം ചെയ്ത് ജീവിച്ചവർ മരണത്തെ സന്തോഷത്തോടെ സ്വാഗതം ചെയ്യുമ്പോൾ അഹങ്കാരികളും ധിക്കാരികളുമായവർക്ക് വളരെ പ്രയാസപ്പെടുത്തുന്ന മരണമായിരിക്കും ഉണ്ടാവുക.

അവിശ്വാസികളുടെ മരണം വളരെ മോശമായിരിക്കുമെന്ന് പരിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. മലക്കുകൾ അവരുടെ മുഖത്തും പിൻഭാഗത്തും പ്രഹരിക്കുമെന്നും അവരുടെ ആത്മാവിനെ നിർദയമായിട്ടാണ് പിടിച്ചെടുക്കുകയെന്നും കത്തിയാളുന്ന ശിക്ഷയാണ് അവർക്ക് ലഭിക്കുകയെന്നും അതവർ പ്രവർത്തിച്ചതിന്റെ ഫലമായിരിക്കുമെന്നും ഖുർആൻ പറയുന്നു (*അൽ അൻഫാൽ* 50,51).

എന്നാൽ സജ്ജനങ്ങളുടെ നില നേരെ മറിച്ചാണ്. അവരുടെ അന്ത്യം ആഹ്ലാദകരമായിരിക്കും. മലക്കുകൾ നല്ല രീതിയിലാണ് അവരോട് പെരുമാറുക. വെണ്ണയിൽനിന്ന് നൂൽ വലിച്ചെടുക്കുന്നതുപോലെയാണ് അവരുടെ ആത്മാവിനെ പുറത്തെടുക്കുക. കുഴപ്പങ്ങളും പ്രയാസങ്ങളും ഇല്ലാത്ത അന്ത്യമായിരിക്കും അവരുടേത്.

ഒരിക്കൽ പ്രവാചകനോട് സ്വഹാബികൾ ചോദിച്ചു: "ഏറ്റവും ബുദ്ധിമാനായ വിശ്വാസി ആരാണ്?" അവിടുന്ന് പറഞ്ഞു: "കൂടുതലായി മരണത്തെ ഓർക്കുകയും മരണാനന്തര ജീവിതത്തിനു വേണ്ടി മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്യുന്നവൻ" അതിനാൽ ഈ ലോകത്ത് കളിച്ചു രസിച്ചു കഴിയുമ്പോൾ ഈ നിമിഷം അല്ലെങ്കിൽ അടുത്ത നിമിഷം അതുമല്ലെങ്കിൽ നാളെയോ മറ്റന്നാളോ ഇതെല്ലാം അവസാനിച്ചു പോകുമെന്ന വിചാരം ഓരോ വിശ്വാസിയുടെയും മനസ്സിലുണ്ടാവണം. ■